# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *593** **28.03.2018-ൽ മറുപടിക്ക്**

**രാഷ്ട്രീയ വർഗീയ അസ്വാസ്ഥ്യങ്ങൾ അമർച്ച ചെയ്യാൻ നടപടി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.എൻ.ഷംസീർ<br>ശ്രീ. ജോർജ്ജ് എം. തോമസ്<br>ശ്രീ. കെ. വി. അബ്ദുൾ ഖാദർ<br>ശ്രീ. ആന്റണി ജോൺ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് രാഷ്ട്രീയ അസ്വാസ്ഥ്യങ്ങൾ സൃഷ്ടിക്കാൻ ആസൂത്രിതമായി നടത്തുന്ന ശ്രമങ്ങൾ അമർച്ച ചെയ്ത് ക്രമസമാധാനം ഉറപ്പുവരുത്തുന്നതിന് പ്രത്യേകം ജാഗ്രത പുലർത്തണമെന്ന നിർദ്ദേശം പോലീസിന് നൽകിയിട്ടുണ്ടോ; | (എ) നിർദ്ദേശം നൽകിയിട്ടുണ്ട്. അതോടൊപ്പം പോലീസിലെ രഹസ്യാന്വേഷണ വിഭാഗത്തെ ഉപയോഗിച്ച് നിരീക്ഷണം നടത്തി പ്രശ്നങ്ങൾ ഉണ്ടാകാൻ സാധ്യതയുള്ള സ്ഥലങ്ങളിൽ പോലീസിന്റെ സാന്നിദ്ധ്യം ഉറപ്പ് വരുത്തുകയും ചെയ്യുന്നുണ്ട്. |
| (ബി) അപരവിദ്വേഷം വളർത്തി വിവിധ സമുദായങ്ങളെ തമ്മിലകറ്റാനുള്ള ഭൂരിപക്ഷ ന്യൂനപക്ഷ വർഗ്ഗീയ ശക്തികളുടെ നീക്കത്തിനെതിരെയും അഭിപ്രായം പറയുന്ന ബുദ്ധിജീവികളെയും സാംസ്കാരിക നായകരെയും നിശബ്ദരാക്കാനുള്ള ശ്രമങ്ങൾക്കെതിരെയും കർശന നടപടിയെടുക്കുമോ; | (ബി) ഇത്തരം വിദ്വേഷം വളർത്തുന്ന സംഭവങ്ങൾക്കെതിരെ നിലവിലെ നിയമ വ്യവസ്ഥയനുസരിച്ച് കർശനമായ നടപടികളാണ് സ്വീകരിച്ച് വരുന്നത്. |
| (സി) ആഗോള ഭീകര സംഘടനകളിലേക്ക് ചിലരെങ്കിലും ആകൃഷ്ടരാകുന്നത് ഗൗരവപൂർവ്വം കണക്കിലെടുത്ത് | (സി) സംസ്ഥാന ഇന്റലിജൻസ് വിഭാഗം ഇക്കാര്യത്തിൽ നിതാന്ത ജാഗ്രത പുലർത്തി വരുന്നു. ആഗോള ഭീകരവാദ സംഘടനകളിൽ |

ആയതിനെതിരെ നിരന്തര ജാഗ്രത പുലർത്താൻ പോലീസിന് വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

യുവാക്കളുൾപ്പെടെയുള്ളവർ ആകൃഷ്ടരാകാതിരിക്കുവാൻ, മത തീവ്രവാദ പ്രവർത്തനങ്ങളെ സംബന്ധിച്ചും, വർഗ്ഗീയ സംഘടനകളുടെ പ്രവർത്തനങ്ങളെ സംബന്ധിച്ചും സംസ്ഥാന ഇന്റലിജൻസ് വിഭാഗം സസൂക്ഷ്മം നിരീക്ഷണം നടത്തി വരുന്നു. കൂടാതെ ജില്ലാ പോലീസ് ഭരണകൂടവും ഒരോ പോലീസ് സ്റ്റേഷൻ പരിധിയിലുള്ള ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ സസൂക്ഷ്മം പരിശോധിച്ച് വരുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**